**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2482** | **14.06.2019-ൽ മറുപടിക്ക്**

## വിദേശ വിനോദസഞ്ചാരികൾക്ക് നേരെ അക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെത്തുന്ന വിദേശ വിനോദ സഞ്ചാരികൾക്കു നേരെ നടക്കുന്ന അക്രമങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) സംസ്ഥാനത്തെത്തുന്ന വിദേശ വിനോദസഞ്ചാരികൾക്കു നേരെ ഒറ്റപ്പെട്ട അക്രമ സംഭവങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ടൂറിസം രംഗത്തെ ബാധിക്കുന്ന ഇത്തരം പ്രവണതകൾ ഇല്ലാതാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ ? | ബി) ഇത്തരം സംഭവങ്ങൾ ടൂറിസം മേഖലയെ മോശമായി തന്നെ ബാധിക്കാൻ സാധ്യതയുണ്ടെന്ന് വകുപ്പ് വിലയിരുത്തുന്നുണ്ട്. ഇത്തരം പ്രവണതകൾ ഇല്ലാതാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിദേശ വിനോദ സഞ്ചാരിയായ ലിഗ കോവളത്ത് വച്ച് കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് വകുപ്പ് ശക്തമായ നടപടികളാണ് സ്വീകരിച്ചിരുന്നത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ പ്രചരണ പരിപാടികളും സംഘടിപ്പിച്ചിരുന്നു.<br>സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി ഒട്ടേറെ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന |

ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പ വരുത്തിയിട്ടുണ്ട്. നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനം നടത്തുന്നുണ്ട്. ടൂറിസം പോലീസിനെ ശക്തിപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിന് വേണ്ട നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വനിതാ പോലീസിനെ വിന്യസിക്കുന്ന തിനുള്ള നടപടികൾ പോലീസ് വകുപ്പുമായി ചേർന്ന് സ്വീകരിക്കാവുന്നതാണ്.

ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതാണ്. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വ്യക്തമായ ചുമതലകൾ നൽകി ടൂറിസം വാർഡനെ നിയമിക്കുന്നതിനുള്ള കാര്യങ്ങൾ പരിശോധിക്കുന്നതാണ്. വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചു വരുന്നു. കോവളം, വേളി ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. കേരളത്തിലെ മറ്റു വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ സംവിധാനം അനിവാര്യമെന്നു കാണുന്ന പക്ഷം ആയത് നടപ്പിലാക്കുന്ന തിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

ടൂറിസം മേഖലയിൽ അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്ക രിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധി

യിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുവഴി നിർദ്ദേശം നൽകി യിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റു കളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകടസാധ്യത സൂചിപ്പിച്ചു കൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ